## ഉപന്യാസം

### നവമാധ്യമങ്ങളും മലയാളിയുടെ സാമൂഹ്യജീവിതവും:

അപസർപ്പകസാഹിത്യ ചക്രവർത്തിയായ "സർ ആർതർ കോനൻ ഡോയൽ തന്റെ വിശ്വവിഖ്യാതങ്ങളായ കൃതികളിലൊട്ടാകെ പരാമർശിക്കുന്ന ഒരു സുപ്രധാന തത്ത്വമുണ്ട്..... "ജനമനസ്സിലേക്ക് സത്യം പകരുന്നതിൽ മാത്രമല്ല ഒരു മാധ്യമത്തിന്റെ അനശ്വരത നിലകൊള്ളുന്നത്. അത് പകരുന്ന മൂല്യങ്ങളുടെയും യുക്തികളുടെയും എല്ലാം കൃത്യതയാണ് അതിന്റെ നിലനിൽപ്പിനെയും വിജയത്തെയും നിശ്ചയിക്കുന്നത്." ഈയൊരു പ്രസ്താവന ഏതൊരു മനുഷ്യമനസ്സിന്റെയും ഉപബോധമേഖലകളിലേക്ക് ഇറങ്ങി ചെല്ലുകയും ഒരു വ്യക്തിയെ ചിന്താകുലനാക്കുകയും ചെയ്യും എന്നതിൽ തർക്കമില്ല. ഇവിടെ ചിന്തിക്കാനുള്ളത് എന്താണ്? ഇത്രയും അർത്ഥപൂർണ്ണവും ചിന്താവാഹകവുമായ ഈ പ്രസ്താവന ഇന്നത്തെ സമൂഹത്തിൽ എത്രമാത്രം പ്രസക്തിയർഹിക്കുന്നു? മേലുള്ള പ്രസ്താവന പ്രകാരം അനശ്വരമായും, ജനമനസ്സുകളെ സംതൃപ്തിയിലൂടെ വർഷം വരെയും എത്തിക്കുന്നതിലും, സത്യത്തെ അതിന്റേതായ രീതിയിലും ജനമനസ്സിൽ എത്തിക്കുന്ന ഒരു ഉത്തമമാധ്യമം എവിടെയെങ്കിലും നിലകൊള്ളുന്നുണ്ടോ?

ഈ ചോദ്യങ്ങളുടെയെല്ലാം ഉത്തരം നമുക്ക് ചുറ്റിലും തന്നെ ഉണ്ടെന്നാണ് വാസ്തവം. ഒരു സമൂഹത്തിൽ, അല്ലെങ്കിൽ ഒരു രാജ്യത്തിൽ, കാലദേശവ്യത്യാസങ്ങളെല്ലാം അതിലംഘിച്ച് ചിരപ്രതിഷ്

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 113

നേടി വിജയം പ്രാപിച്ച് ഒരു മാധ്യമം പോലും ഇന്നേവരെ പ്രദാനിച്ചിട്ടില്ലായെ-
ന്ന് വിശ്വോത്തര സാഹിത്യനിരൂപകരും, വിമർശകരും ഭയസങ്കോചങ്ങളില്ലാതെ
തർക്കിക്കുന്നു. വേദനാജനകമായ സത്യം എന്തെന്നാൽ ഇതേയൊരു തർക്കത്തിനെ
എതിർക്കുന്നവർ ആരും തന്നെയില്ല. അതിനു ഹേതു എന്തെന്നാൽ,
" ആ തർക്കം ഇന്നത്തെ ജീവിച്ചുകൊണ്ടിരിക്കുന്ന ഒരു സത്യം
മാത്രമാണ്. നിരൂപകരുടെയും വിമർശകരുടെയും മാത്രമല്ല, സാധാരണ
മനുഷ്യന്റെ ~~ഒരു~~ മനസ്സിലും ഈ കടുത്ത സത്യം തന്റെ സിംഹാസനമുറപ്പി-
ച്ചിരിക്കുന്നു.

ഒരു മാധ്യമത്തിന്റെ പ്രയാണം വളരെ വിഷമതകൾ നിറഞ്ഞതാ-
ണ്. സമൂഹത്തിന്റെ ഭാഗമായി പല വിഷമങ്ങളെയും ഒരു മാധ്യമവും
അതിന്റെ അണിയറ പ്രവർത്തകരും തരണം ചെയ്യേണ്ടതായിട്ടുണ്ട്.
എന്നാലും അതിലൊന്നും അടിതെറ്റി പോവാതെ ആ മാധ്യമം വളർച്ച
പ്രാപിക്കാൻ തന്നെ ഉറച്ച നിലപാട് എടുക്കുന്നു. അതിന്റേതായ
ചരിത്രവ്യാഖ്യകളും ആത്മീയ ഗവേഷണങ്ങളുമെല്ലാം നിർവ്വഹണം നടത്തി
ഒടുവിൽ ആ മാധ്യമം മഹാത്മ്യമാർന്ന അസ്തിത്വവിശേഷം വഹിക്കുന്നു.
ഇതു വരെയുള്ളത് വിജയകിരീടം ചൂടുവാനുള്ള ഒരു മാധ്യമത്തിന്റെ
കഷ്ടത നിറഞ്ഞ പാതയാണ്.

അങ്ങനെ ഒടുവിൽ അത് അതിന്റെ ലക്ഷ്യത്തിലേക്ക്
ആഗമിക്കുന്നു. ജനമനസ്സുകളുടെ പ്രീതിയും സ്നേഹാദരങ്ങളും ഏറ്റുവാങ്ങു-
ന്നു. എവിടെയും നിറസാന്നിധ്യമാവുന്നു. ഇത് ആരുടെ മനസ്സിനെയാണ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പരമാനന്ദത്തിൽ മുക്തി സമ്പാദിപ്പിക്കുന്നതെന്ത്? വിജയക്കൊടിപാറുന്ന
ഈ മനുഷ്യ നിമിഷങ്ങൾക്കു ശേഷം വരാനിരിക്കുന്ന വൻവിപത്ത്
എന്താണ്? ഈ വിപത്തിലാണ് ഏതൊരു മാധ്യമത്തിന്റെയും പരാജയം
നിലകൊള്ളുന്നത്. അതിമോഹത്തിന്റെയും, പണക്കൊതിയുടെയും
കരാളഹസ്തങ്ങൾ ആ സത്യപൂർണ്ണമായ മാധ്യമത്തെ ബന്ധിക്കുകയാണ്.
പിന്നീട് ആ മാധ്യമത്തിൽ നിന്നും പ്രവഹിക്കുന്നത് സത്യമോ, ചരിത്രഗത
മായ മൂല്യങ്ങളോ ആയിരിക്കണമെന്നില്ല. അവിടെ പിന്നീട് അസത്യ
ത്തിന്റെയും അശുദ്ധികളുടെയും കറുത്ത വിഷം കൊടികുത്തി വാഴുന്നു.
ഇതേ വിഷം കാട്ടുതീ പോലെ സമൂഹത്തിലേക്കും മനുഷ്യമനസ്സിലേക്കും
കാട്ടുതീ പോലെ പടരുന്നു. അവിടെയും ആ പടർച്ചയ്ക്ക് അന്ത്യം
ഉണ്ടാവുന്നില്ല. മാധ്യമങ്ങളിലും വാർത്തകളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു
വച്ച് അവയിലെ വിഷം കലർന്ന വാക്കുകളെ അക്ഷരംപ്രതി വിശ്വസി
ക്കുന്ന എത്രയോ മനുഷ്യരെ നമുക്കു ചുറ്റും കാണാം. അവിടെ വന്ന
വാർത്തകളെ അടിസ്ഥാനമാക്കി സോഷ്യൽ മാധ്യമങ്ങളിലേക്കും ട്രോളുകൾ,
ഫാക്റ്റ് ചെക്കുകൾ മുതലായി തെറ്റുകളെ പിന്നെയും കുത്തിനിറക്കുന്നു.
ഈ കുത്തിനിറക്കലിനെ ശക്തമായി എതിർക്കുന്നവർ ഒരുവശത്തുകൂടി.
വാർത്ത സൃഷ്ടിച്ചവനും അതിനെ എതിർക്കുന്നവനും തമ്മിൽ പിന്നെയൊരു
~~[illegible]~~ യുദ്ധം തന്നെ തുടങ്ങുകയാണ്. ഈ രണ്ട് പേർക്കും തുണയായി
തീയാളിക്കുവാൻ മണ്ണെണ്ണ എന്ന കണക്കെ നൂറുകൂട്ടം ആളുകൾ
വേറെയും. ഇങ്ങനെയുള്ള കൊടും ക്രൂരതകൾക്കും, രക്തചിന്തലുകൾക്കും —

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 113

മെല്ലാം കലഹങ്ങൾക്കുവേദിയായി അനുദിനം മാറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ കേരളം.

ഒരു മാധ്യമത്തിനു ഉയർന്ന നിലവാരവും സത്യസന്ധതയും അത്യന്താപേക്ഷിതമായി ഉണ്ടാവേണ്ടതാണ്. കാരണം എന്തെന്നാൽ മാധ്യമം ഒരു സാധാരണ മനുഷ്യന്റെ ജീവിതത്തിൽ വഹിക്കുന്ന പങ്ക് ഇന്നത്തെ കാലത്ത് ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ വിഷമമേറിയ സത്യം എന്തെന്നാൽ വാർത്തകളോ, പത്രങ്ങളോ മാസികകളോ ഒന്നും ഇന്ന് കൃത്യമായി പ്രചാരത്തിലില്ല. ഉണ്ടെങ്കിൽ തന്നെ വാർത്തയ്ക്കു വേണ്ടി അതിനെ ആശ്രയിക്കാൻ മനുഷ്യർക്കിന്ന് സങ്കോചമാണ്. മൊബൈൽ ഫോൺ എന്ന "ചെറിയ വലിയ ലോകം" കരഗതമായവരോട ഇന്ന് ശരിയായ മാധ്യമങ്ങളെ ആശ്രയിക്കാൻ തൽപരരായിട്ടുണ്ട്?

എന്നാൽ ഈ ലോകത്ത് അസത്യത്തിന്റെയും, തിന്മയുടെയുമെല്ലാം വാർത്തകളെ മറയില്ലാതെ പ്രചരിപ്പിക്കുന്നതിൽ ഈ "ചെറിയ വലിയ ലോകം" വഹിക്കുന്ന പങ്ക് അനിർവചനീയമാണ്. സോഷ്യൽ മീഡിയയുടെ ഉത്ഭവം മുതൽക്കു തന്നെ ജനങ്ങൾ ഈ സത്യത്തിനു സാക്ഷ്യം വഹിക്കുകയാണ്. എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളാണ് ഓൺലൈൻ സോഷ്യൽ മാധ്യമങ്ങൾ കാരണം നടന്നുകൊണ്ടിരിക്കുന്നത്. അവയിൽ തുടരെ ചെറുതല്ലാത്ത പ്രശ്നങ്ങൾ ജീവഹാനിയിലും അന്ത്യം പ്രാപിക്കുന്നു ഇതിന്റെയൊക്കെ അന്തിമഫലം എന്തായിരിക്കും? മനുഷ്യരാശിയെ കാർന്നുതി-

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 113

നന്ന ഈ കെടുംവിപത്തിന് എന്താണൊരു പരിഹാരം.?

ഓൺലൈൻ സോഷ്യൽ മാധ്യമങ്ങളുടെയും, മറ്റു വിവിധ വാർത്താമാധ്യമങ്ങളുടെയും നിലവിലത്തെ സ്ഥിതിവിശേഷമാണ് മാറേണ്ടത്. ഈ മാറ്റമാണ് പ്രശ്നങ്ങളും അപാകതകളുമില്ലാത്ത ഒരു നവസമൂഹത്തിന്റെ സുസ്ഥിരമായ അടിത്തറ.

ഇൻസ്റ്റഗ്രാം, വാട്സാപ്പ്, ഫെയ്സ്ബുക്ക് മുതലായ വിത്യസ്തങ്ങളായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെ കുറിച്ച് അറിവില്ലാത്തവർ ചുരുക്കമാണ്. ഒരു ശരാശരി മനുഷ്യന്റെ ഒരു ദിനത്തിലെ 50 ശതമാനമോ അതിലധികമോ ഇത്തരം പ്ലാറ്റ്ഫോമിലാണ് ചിലവഴിക്കപ്പെടുന്നത് എന്ന് പ്രസ്താവിച്ചാൽ അത് അവിശ്വസനീയമാവുമോ.. അവിശ്വസനീയമാണെങ്കിലും വിശ്വസിക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. കാരണം ഇത് 'ഡബ്ല്യു. എച്ച്. ഓ (വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ) നടത്തിയ ഒരു സുപ്രധാന സർവ്വേയുടെ തെളിയിക്കുന്ന ഫലമാണ്. നാം ഓരോരുത്തരുടെയും ജീവിതചര്യയിലേക്കു തന്നെ ഒരു എത്തിനോട്ടം നടത്തിയാൽ ഈ പ്രസ്താവനയുടെ സാധുത നമുക്ക് ഗ്രഹിക്കാനാവും. ഇവിടെ നാം തിരിച്ചറിയുന്ന വേറൊരു സത്യം എന്തെന്നാൽ മാറേണ്ടത് നിലവിലുള്ള വാർത്താമാധ്യമങ്ങളുടെ സ്ഥിതിവിശേഷം മാത്രമല്ല, നാം ഓരോരുത്തരുടെയും പ്രശ്നം നിറഞ്ഞ ജീവിത ചര്യ കൂടിയാണ്.

പാശ്ചാത്യകാലത്ത് ഒരു ദിവസത്തിന്റെ ആരംഭം വളരെ മനോഹരവും മനം കവരുന്നതുമാണ്. നിദ്രയിൽ നിന്നും ഉണരുമ്പോൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

School Kalolsavam 61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട് Kozhikode, Jan. 3

Item Code: 944 Participant Code: 113

പ്രപഞ്ച സൃഷ്ടാവിനു നന്ദി പറയുകയാണ്, അന്നത്തെ ദിവസത്തിനു വേണ്ടിയും അനുഗ്രഹീതമായ തന്റെ ജീവിതത്തിനു വേണ്ടിയെല്ലാം പ്രാർത്ഥിക്കുകയാണ്. അതിനു ശേഷം മാതാപിതാക്കളെ വന്ദിക്കുന്നു ഗൃഹകൃത്യങ്ങളിൽ പങ്കാളിയായി കുടുംബബന്ധത്തിന്റെ മാധുര്യവും നുകരുന്നു. എന്നാലിന്ന് നടക്കുന്നതോ? രാവിലെ ഉറക്കമുണരുന്നത് 'ചെറിയ വലിയ ലോക'ത്തിലേക്കാണ്. വാട്സാപ്പ്, ഇൻസ്റ്റഗ്രാം എന്നിവയെല്ലാം ഇതിനു സാക്ഷ്യം വഹിക്കുന്ന അരങ്ങു വേദികളാണ്. ഇവയിലെല്ലാം ഒരാൾ ചിക്കിചികയുകയാണ്...... പലരുടെയും പുതിയ 'അപ്ഡേറ്റു'കൾക്കു വേണ്ടി..... അവരെടുത്ത പുതിയ ചിത്രങ്ങൾക്കു വേണ്ടി..... അവരയച്ച സന്ദേശങ്ങൾക്കു വേണ്ടി..... നേരത്തെ പ്രസ്താവിച്ച വിദ്വേഷം നിറഞ്ഞ വാർത്തകൾക്കു വേണ്ടി..... എന്നാൽ ഇതിൽ നിന്നൊക്കെ നേടുന്നത് എന്താണ് എന്ന ചോദ്യം മാത്രം ഉത്തരമില്ലാതെ അവശേഷിക്കുന്നു.

പക്വതയെത്തിയവർ മുതൽ ഒന്നും രണ്ടും വയസ്സുമുള്ള ചെറിയ കുഞ്ഞുങ്ങൾ പോലും ഇന്ന് ഈ 'ചെറിയ വലിയ ലോക'ത്തിന്റെ അടിമത്തങ്ങളിലെ കണ്ണികളായിത്തീരുന്നത് എത്ര വേദനാജനകമായ സത്യമാണ്. നവമാധ്യമങ്ങൾ കാരണം ബുദ്ധി മന്ദീഭവിക്കുകയും കൊടും തെറ്റുകൾ ചെയ്യുന്നതിലും 15 ശതമാനവും കൗമാരപ്രായക്കാരാണ്. സോഷ്യൽമാധ്യമങ്ങൾ വഴി നടക്കുന്ന തെറ്റുകൾക്കും ക്രൂരതകൾക്കും ഇന്നുള്ളത് നിസ്സീമമായ കണക്കാണ്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 | Participant Code: 113

"മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്" എന്ന പ്രസ്താവന ഇന്ന് അപ്രസക്തമാകുകയാണ്. അതിൽ നിന്നും "മനുഷ്യൻ ഒരു വന്യജീവിയാണ്" എന്നുള്ളതിലേക്ക് ആ പ്രസ്താവന ദിനം തോറും പരിണമിക്കുകയാണ്. ഇതിനെയോർത്ത് വിഷമിക്കുന്നതു കൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്നാൽ ഇതിനെതിരെ പ്രതികരിച്ചാൽ, ഇതിനെതിരെ ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ ഭാവിയിലെ എത്രയോ പ്രശ്നങ്ങളുടെയും നഷ്ടങ്ങളുടെയും തമോഗർത്തത്തിൽ നിന്ന് നമ്മുടെ ഈ കൊച്ചുലോകത്തെ രക്ഷിക്കാനാവും. ഇതായിരിക്കണം നാം ഓരോരുത്തരുടെയും അടിയുറച്ച പ്രതിജ്ഞയും ലക്ഷ്യവും.

ഒരു വിഷവാർത്ത അഥവാ ഒരു തെറ്റായ വാർത്ത പ്രചരിക്കുന്നത് നാം ഓരോരുത്തരുടെയും സഹായത്തോടെയാണ്. അമർത്തപ്പെടുന്ന ഓരോ 'ലൈക്' ബട്ടനും 'ഷെയർ' ബട്ടനും അതിനു ഉദാഹരണമാണ്. ഇതിനെതിരെ ആദ്യം വൻമതിൽ കെട്ടുക. സത്യമെന്നുറപ്പില്ലാത്ത ഒരു വാർത്തയും ഞാനോ എന്റെ സഹവർത്തികളോ പ്രോത്സാഹിപ്പിക്കുകയില്ല, പരിപോഷിപ്പിക്കുകയില്ല. ഈ തീരുമാനം ഞാനുൾപ്പെടെയുള്ള ഈ ലോകത്തിലെ സർവ്വ മനുഷ്യരുടെയും പ്രശ്നരഹിത നിലനിൽപ്പിനു വേണ്ടിയാണെന്ന് ഉറപ്പിക്കുക. സോഷ്യൽ മീഡിയ ആപ്പുകൾക്ക് സ്വയം ഒരു നിയന്ത്രണവേലി കെട്ടുക. അതിൽ അടിമപ്പെട്ട് കഴിഞ്ഞതു കൊണ്ട് നഷ്ടമല്ലാതെ ഒന്നും നേടാനില്ല. എന്നാൽ അതിനെ പൂർണ്ണമായി ഒഴിവാക്കുന്നതും അസാധ്യമാണ്. സോഷ്യൽ മീഡിയ നമ്മുടെ ജീവിതത്തിൽ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 113

അവിഭാജ്യമായ ഘടകമാണ്. സോഷ്യൽ മീഡിയയുടെ ബുദ്ധിപൂർവ്വമുള്ള വിനിയോഗമാർഗ്ഗങ്ങളാണ് പുതുതലമുറ സ്വീകരിക്കേണ്ടത്. കൗമാരപ്രായക്കാരുടെ മൊബൈൽ ഫോൺ ഉപയോഗം എപ്പോഴും മാതാപിതാക്കളും ഗുരുനാഥന്മാരും കൃത്യമായി നിയന്ത്രിക്കണം. ഇൻസ്റ്റഗ്രാം എന്ന ആപ്പിലാണ് ലഹരി കടത്തുന്നതിനെ കുറിച്ചുള്ള ഗൂഢാലോചനകൾ നടക്കുന്നത് എന്ന് പുതിയ റിപ്പോർട്ടുകൾ തെളിയിക്കുന്നു. കൗമാരക്കാരുടെ 'ഫോൺ ട്രാക്കിംഗ്' സൈബർ സെൽ ശക്തമാക്കിയതോടെയാണ് ഇത്തരമൊരു കാര്യത്തിന് ഇൻസ്റ്റഗ്രാം അരങ്ങുവേദിയായത്.

ഒരു കുട്ടിയുടെ ഫോൺ പ്രവർത്തനങ്ങളെ കൃത്യമായി ~~നിരീക്ഷിക്കാനാവുകയും~~ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും വേണം. ഇതിനു വേണ്ടിയാണ് 'പേരന്റൽ സൂപ്പർവിഷൻ ആപ്പ്', 'ഫാമിലി ലിങ്ക്' എന്നീ ആപ്പുകൾ നിർമ്മിച്ചിരിക്കുന്നത്. ഇത്തരം ആപ്പുകളുടെ വിനിയോഗത്തോടെ കൗമാരക്കാരിൽ കണ്ടുവരുന്ന പല സ്വഭാവപ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനാവും. "ഫ്രീഫയർ, പബ്ജി മുതലായ 'ക്രിമിനൽ തീം' നിറഞ്ഞ ~~കളികളോടുള്ള ആ~~ കളികളോടുള്ള ആസക്തി, 'ഇൻസ്റ്റഗ്രാമിനോടും' 'വാട്സാപ്പിനോടും' പ്രകടമാകുന്ന ആസക്തി എന്നിവയെ തടുക്കാനാവും. ഇതിനാണ് ഇത്തരം ആപ്പുകൾ സജ്ജമാക്കിയിരിക്കുന്നത്. ഈ പ്രശ്നപരിഹാര മാർഗ്ഗങ്ങളെയൊക്കെ സമർത്ഥമായി അവലംബിച്ചാൽ നമുക്ക് ഈ വൻവിപത്തിന് കടിഞ്ഞാണിടാൻ സാധിക്കുന്നത്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 944 Participant Code: 113

നവമാധ്യമങ്ങൾ തിന്മയുടെ അരങ്ങുവേദിമാത്രമല്ല. അതിനെ അറിവിന്റെയും സത്യം നിറഞ്ഞ വാർത്തകളുടെയും ലോകമാക്കാൻ നമുക്ക് സാധിക്കും. അത് നാം ആ വേദിയെ എങ്ങനെ, എന്തിനു വേണ്ടി വിനിയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അമൂല്യമായ ഈ കണ്ടുപിടിത്തങ്ങളെ നമുക്കു വേണ്ടിയും സത്യം പ്രചാരത്തിനു വേണ്ടിയും വിനിയോഗിച്ചു കൊണ്ട് നവലോകത്തെയും നവമാധ്യമങ്ങളെയും നമുക്ക് പുനഃസൃഷ്ടിക്കാം.

മുൻ രാഷ്ട്രപതി സർ എ. പി. ജെ. അബ്ദുൾകലാമിന്റെ വാക്കുകൾ ശ്രദ്ധിക്കാം "ഒരു രാജ്യത്തിന്റെ വിജയവും സ്ഥിരതയും കുടികൊള്ളുന്നത യുവമനസ്സുകളിൽ നിലകൊള്ളുന്നു" ഈ പ്രസ്താവനയെ വിജയിപ്പിക്കാൻ നമുക്കോരോരുത്തർക്കും പ്രവർത്തിക്കാം. നവമാധ്യമങ്ങൾ കാരണവും നവലോകം കാരണവും ഇനി ഈ ലോകത്ത് ഒരു പ്രശ്നവും അരങ്ങേറാൻ കൂട്ടുനിൽക്കില്ല എന്ന് നമുക്കോരോരുത്തർക്കും പ്രതിജ്ഞ ചെയ്യാം.

സമാപനം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)